അധ്യായം. 53
സൂറത്തു നജ്മ്

മക്കയിൽ അവതരിച്ചത്. വചനങ്ങൾ 62.

ഉള്ളടക്കം:

വഹ്യിന്റെ (ദിവ്യസന്ദേശം) സത്യതയും, അതിന്റെ ഉദ്ഭവസ്ഥാത്തിന്റെ ഒന്നിത്യവും വിശദീകരിക്കുന്നു. ബഹുദൈവ വിശ്വാസത്തിന്റെ അർഥശൂന്യത സ്ഥാപിച്ചുകൊണ്ട് ഏകദൈവ വിശ്വാസത്തെ വിശദീകരിക്കുന്നു.

1 - 6

പ്രധാന ആശയങ്ങൾ :

1. ആകാശാരോഹണ (**معراج**) യാത്രയിൽ ഏഴാം ആകാശത്ത് നബി ﷺ കണ്ട കാഴ്ചകളെല്ലാം സത്യമാണ്. അതിലൊരു പിഴവും സംഭവിച്ചിട്ടില്ല എന്നത് നബി ﷺ യുടെ വിശ്വസ്തതയേയും സത്യസന്ധതയേയും സൂചിപ്പിക്കുന്നു.
2. ഉപകാരമോ ഉപദ്രവമോ ചെയ്യാത്തവയെ ആരാധിക്കുന്ന ബഹുദൈവ വിശ്വാസികളുടെ ബുദ്ധി ശൂന്യത.
3. അവർക്കിഷ്ടമില്ലാത്ത പെൺകുട്ടികളെ അല്ലാഹുവിലേക്ക് ചേർക്കുകയും അവർക്ക് പ്രിയപ്പെട്ട ആൺകുട്ടികളെ അവരിലേക്ക് ചേർക്കുകയും ചെയ്യുന്ന വിശ്വാസത്തിലെ ബുദ്ധിശൂന്യത.

ശുപാർശ സ്വീകരിക്കപ്പെടുന്നത് രണ്ട് നിബന്ധനകളിലൂടെ മാത്രം.

ഒന്ന്- ശുപാർശകന് അല്ലാഹുവിന്റെ അനുമതി ലഭിക്കണം.

രണ്ട്- ശുപാർശ ചെയ്യപ്പെടുന്നവരെ അല്ലാഹു തൃപ്തിപ്പെടണം.

വിശദീകരണം:

- വീഴുന്ന നക്ഷത്രം മാർഗം തെറ്റിയിട്ടില്ലാത്ത സന്മാർഗിയായ പ്രവാചകൻ.
- ക്വുർആൻ വഹ്യ് ആണ്. പ്രവാചകൻ ﷺ തന്നിഷ്ടപ്രകാരം ഒന്നും പറയുന്നില്ല.
- അപാരശക്തിയുള്ള മലക്ക് ജിബ്‌രീൽ ﷺ ആണ് പ്രവാചകനെ പഠിപ്പിക്കുന്നത്.
- അല്ലാഹു സൃഷ്ടിച്ച സാക്ഷാൽരൂപത്തിലും ഭാവത്തിലും മലക്ക് ജിബ്‌രീലിനെ നബി ﷺ കണ്ടു. ആകാശത്തിന്റെ ഉന്നത മണ്ഡലത്തിലാണ് ജിബ്‌രീൽ ഉള്ളത്.
- പിന്നീട് ക്രമേണ രണ്ട് വില്ലിന്റെ അത്ര ദൂരം അതിലും കൂടുതൽ അടുത്തുവന്നു.
- കണ്ട കാഴ്ചയിൽ നബി ﷺ ക്ക് സംശയം ഒട്ടുമുണ്ടായില്ല.
- നബി ﷺ യുടെ ഈ യാത്രയിൽ സംശയിക്കുന്ന ബഹുദൈവ വിശ്വാസികളെ ഇവിടെ വിമർശിക്കുന്നു.

വിശ്വാസികൾക്കിതിൽ സംശയത്തിന്റെ തരിമ്പും ഉണ്ടാവാൻ പാടില്ല. ചിലർ ഒരു രാത്രി കൊണ്ട് മസ്ജിദുൽ ഹറമിൽ നിന്ന് മസ്ജിദുൽ അക്സയിൽ എത്തിയത് അംഗീകരിക്കുകയും ആകാശാരോഹണത്തെ നിഷേധിക്കുകയും ചെയ്യുന്നു. ഒരു രാത്രി കൊണ്ട് മസ്ജിദുൽ അക്സയിൽ എത്താമെങ്കിൽ ആകാശാരോഹണത്തെ നിഷേധിക്കുന്നതിൽ എന്ത് ബുദ്ധിയാണുള്ളത്? മറ്റു ചിലരാവട്ടെ, ഇത് സ്വപ്നമാണെന്ന് പറയുന്നു. അതിലെന്ത് അത്ഭുതമാണുള്ളത്? ഇത്രത്തോളം വ്യക്തമായി പറഞ്ഞ ഒരു കാര്യം ഉൾക്കൊള്ളാൻ കഴിയാത്തവർ എങ്ങിനെ വിശ്വാസികളാവും?

ഈ യാത്രയിൽ അല്ലാഹുവിന്റെ കഴിവും, മഹത്വവും ബോധ്യപ്പെടുന്ന ഒട്ടേറെ കാര്യങ്ങൾ നബി ﷺ കണ്ടു. സ്വർഗവും, നരകവും നേരിട്ടുകാണുകയുണ്ടായി.

നിങ്ങൾ ആരാധിക്കുന്ന ലാത്ത, ഉസ്സ, മനാത്ത എന്നിവ വല്ല ഉപകാരത്തെയോ, ഉപദ്രവത്തേയോ ഉടമപ്പെടുത്തുന്നുണ്ടോ എന്ന് അല്ലാഹു ചോദിക്കുന്നു. ഈ വിഗ്രഹനാമങ്ങളെല്ലാം കേവലം അർഥശൂന്യമായ നാമങ്ങൾ മാത്രം. അതാവട്ടെ നിങ്ങൾ സ്വയം പേരിട്ടതും. പ്രമാണങ്ങളിലില്ലാതെ, ദൈവഗുണങ്ങൾ ഒന്നുമില്ലാതെ!?

ബഹുദൈവ വിശ്വാസങ്ങളെല്ലാം പിശാച് ന്യായം നൽകുന്ന ഇഛകൾ മാത്രമാണ്. ഇവരാകട്ടെ യാതൊരു ശുപാർശയും അല്ലാഹുവിന്റെ അടുക്കൽ ചെയ്യുന്നില്ല.

ശുപാർശ ലഭിക്കാൻ അല്ലാഹുവിന്റെ അനുമതിയും ശുപാർശ ചെയ്യപ്പെടുന്നവനെ അല്ലാഹു തൃപ്തിപ്പെടുകയും വേണം.

27 - 44

പ്രധാന ആശയങ്ങൾ:

1. പാപങ്ങളെ വൻപാപങ്ങൾ എന്നും ചെറു പാപങ്ങൾ എന്നും രണ്ടായി വിഭജിക്കാം.
2. അറിവില്ലാതെ അല്ലാഹുവിന്റെമേൽ കെട്ടിച്ചമച്ചുണ്ടാക്കിപ്പറയുന്നതിന്റെ അപകടം.
3. താൻ നല്ലവനെന്ന് സ്വയം നടിക്കുന്നതിനെ വിരോധിക്കുന്നു.

വിശദീകരണം:

- തെറ്റായ വിശ്വാസങ്ങളെല്ലാം ഊഹങ്ങളോ, മതിപ്പിട്ടു പറയുന്ന നിഗമനങ്ങളോ ആണ്.

അത് പുലരുന്നതുവരെ യാഥാർത്ഥ്യങ്ങളാവുന്നില്ല.

• അല്ലാഹുവിന്റെ ഉദ്ബോധനങ്ങളെ പരിഗണിക്കാത്തവരെ അവഗണിക്കുക. അവരുടെ ലക്ഷ്യം ഭൗതിക ജീവിതമാണ്. പരലോകത്തിൽ വിശ്വസിക്കുകയോ അതിനുവേണ്ടി പ്രവർത്തിക്കുകയോ ചെയ്യുന്നില്ല.

• ആകാശഭൂമികളുടെ അധികാരിയും, സൃഷ്ടികർത്താവും പ്രവർത്തനങ്ങൾക്ക് രക്ഷയും, ശിക്ഷയും നൽകാൻ കഴിവുള്ളവൻ തന്നെയാണ്.

• വൻദോഷങ്ങളിൽ നിന്നും ദുഷിച്ച പാപങ്ങളിൽ നിന്നും വിട്ടുനിൽക്കുന്നവർക്ക് ചെറുദോഷങ്ങൾ പൊറുത്ത് കിട്ടും. നന്മകൾ വർധിപ്പിക്കുമ്പോൾ അതിനുള്ള സാധ്യത കൂടുകയും ചെയ്യും.

• സൃഷ്ടിപ്പിന്റെ ഘട്ടങ്ങളും രൂപമാറ്റങ്ങളും കൃത്യമായി അറിയുന്നവൻ ജീവിത രഹസ്യങ്ങളൊന്നും അറിയാതെ പോവുകയില്ല.

• താൻ ധർമനിഷ്ഠയുള്ളവനാണെന്ന് സ്വയം തന്നെ പുകഴ്ത്തി പറയാതിരിക്കുക. കൽപനകൾ നിർവഹിച്ചും വിരോധങ്ങൾ ഉപേക്ഷിച്ചും പരമാവധി സൂക്ഷ്മത പാലിക്കുകയാണ് വേണ്ടത്.

• ഇസ്‌ലാമിനോട് ആദ്യം അൽപം അനുകൂലമായി നിൽക്കുകയും പിന്നീട് തിരിഞ്ഞ് കളയുകയും ചെയ്ത വ്യക്തി (വലീദ് ബ്നു മുഗീറ).

• വഹ്‌യ് ഇല്ലാതെ അവർ പറയുന്നതെല്ലാം അല്ലാഹുവിന്റെ മേൽ കളവ് പറയലാണ്.

• ഒരു മനുഷ്യനും മറ്റൊരാളുടെ പാപം ഏറ്റെടുക്കുകയില്ല. ഉയിർത്തെഴുന്നേൽപ്പുനാളിൽ കർമങ്ങളെ നേർക്കുനേരെ കാണും ഫലം പൂർണമായി കണ്ടെത്തും.

• മരണശേഷം അല്ലാഹുവിലേക്കാണ് മടക്കം. അവിടെ അവൻ ചിലരെ ചിരിപ്പിക്കും ചിലരെ കരയിപ്പിക്കും.

• ഇഹലോകത്ത് വെച്ച് ജീവനുള്ളതിനെ അവൻ മരിപ്പിക്കും. ഉയിർത്തെഴുന്നേൽപ്പുനാളിൽ മരിച്ചവരെ ജീവിപ്പിക്കുകയും ചെയ്യും.

45 - 62

പ്രധാന ആശയങ്ങൾ:

1. വ്യവസ്ഥാപിതമായ വിവിധഘട്ടങ്ങളിലൂടെ ആണും പെണ്ണുമായി മനുഷ്യനെ സൃഷ്ടിച്ചവൻ മരണ ശേഷം ഉയിർത്തെഴുന്നേൽപിക്കാൻ കഴിവുള്ളവനാണ്.
2. സമ്പന്നതക്കും, ദാരിദ്ര്യത്തിനും സാഹചര്യങ്ങളുണ്ടാക്കുന്നവൻ അല്ലാഹുതന്നെ.
3. വിവിധ കാലങ്ങളിൽ പ്രവാചകന്മാരോട് ധിക്കാരം കാണിച്ചവർക്ക് സംഭവിച്ച പരിണിതികൾ.
4. മനസ്സിൽ അഗാധമായ വൈകാരിക സ്വാധീനം ചെലുത്തുന്ന ക്വുർആൻ അവഗണിക്കുകയും, അതിനെ പരിഹസിച്ച് ചിരിച്ച് തള്ളുകയും ചെയ്യുന്ന അവിശ്വാസികളുടെ കാര്യം എത്ര കഷ്ടം.

വിശദീകരണം:

• ഗർഭ പാത്രത്തിലെത്തുന്ന ഭ്രൂണത്തിൽ നിന്നും ആൺ പെൺ വർഗങ്ങളെ സൃഷ്ടിക്കുന്നവൻ.

• മരണശേഷം അവരെ മടക്കി കൊണ്ടുവരുവാൻ കഴിവുള്ളവനാണ്.

• ധനം നൽകി അവന്റെ അടിമകളിൽ നിന്നും അവനുദ്ദേശിക്കുന്നവരെ അവൻ സമ്പന്നനാ

ക്കുന്നു.

- ബഹുദൈവ വിശ്വാസികളിൽ ചിലർ അല്ലാഹുവോടൊപ്പം ആരാധിച്ചിരുന്ന നക്ഷത്രമായ الشعرى നക്ഷത്രത്തിന്റെ രക്ഷിതാവും അല്ലാഹുവാണ്.
- നിഷേധത്തിൽ ശഠിച്ചു നിന്നപ്പോൾ ഹൂദിന്റെ ﷺ ജനത ആദിനെ അല്ലാഹു നശിപ്പിച്ചു. സ്വാലിഹ് നബി ﷺ യുടെ ജനതയായ ഥമൂദ് ഗോത്രത്തിൽ ഒരാളും ബാക്കിയായില്ല. ഇവർക്ക് മുമ്പ് ഇവരേക്കാളും അക്രമികളായ നൂഹിന്റെ ﷺ ജനത 950 വർഷം ക്ഷണിച്ചിട്ടും തൗഹീദ് സ്വീകരിച്ചില്ല. ഭൂമിയെ കീഴ്മേൽ മറിച്ചാണ് ലൂത്ത് നബി ﷺ യുടെ ജനതയുടെ ഗ്രാമങ്ങൾ അല്ലാഹു നശിപ്പിച്ചത്.
- ഉപദേശങ്ങൾ സ്വീകരിക്കാൻ ഇതിനപ്പുറം എന്ത് ദൃഷ്ടാന്തങ്ങളണാവശ്യം?
- ആ പരമ്പരയിൽ തന്നെയാണ് ഈ പ്രവാചകനും.
- ക്വുർആൻ അല്ലാഹുവിന്റെ അടുക്കൽ നിന്നാവുന്നതിൽ അത്ഭുതപ്പെടുകയോ? അതിനെ പരിഹസിച്ച് ചിരിക്കുകയോ? അതിന്റെ ഉപദേശങ്ങൾ കേൾക്കുമ്പോൾ കരയാതിരിക്കുകയോ, അതിനെ അവഗണിക്കുകയോ ഇതെല്ലാം അവിശ്വാസികളോടുള്ള ചോദ്യമാണ്.
- അവസാനം അല്ലാഹുവിന് മാത്രം സുജൂദ് ചെയ്യാനും അവനുള്ള ആരാധന നിഷ്കളങ്കമാക്കാനും നിർദ്ദേശിക്കുന്നു.